# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *89 — 13.06.2012-ൽ മറുപടിക്ക്

## അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് ക്ഷേമനിധി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. സി. കൃഷ്ണൻ<br>ശ്രീ. പി. കെ. ഗുരുദാസൻ<br>ശ്രീ. കെ. കെ. നാരായണൻ<br>ശ്രീ. കെ. ദാസൻ | | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് വേണ്ടി ഒരു ക്ഷേമനിധി നിയമം 2008-ൽ കേന്ദ്രഗവൺമെൻറ് പ്രഖ്യാപിച്ചിട്ടുണ്ടോ; | (എ) | അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുവേണ്ടി ' The Unorganised Workers' Social Security Act, 2008 ' എന്ന നിയമം കേന്ദ്ര ഗവൺമെൻറ് പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) തൊണ്ണൂറ്റി മൂന്ന് ശതമാനത്തോളം വരുന്ന പ്രസ്തുത വിഭാഗത്തിനുവേണ്ടി കേന്ദ്ര ഗവൺമെൻറ് ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ എത്രയാണെന്ന് വെളിപ്പെടുത്തുമോ; പ്രസ്തുത ക്ഷേമനിധിയ്ക്കായി ദേശീയതലത്തിൽ ബോർഡ് രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിൻെറ ഘടന എന്താണെന്നറിയിക്കാമോ; | (ബി) | കേന്ദ്ര സർക്കാർ ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ എന്നുള്ള വിവരം ലഭ്യമല്ല. ദേശീയ തലത്തിൽ ബോർഡ് രൂപീകരിക്കുന്നതിന് ദി അൺ ഓർഗനൈസ്ഡ് വർക്കേഴ്സ് സോഷ്യൽ സെക്യൂരിറ്റി നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. താഴെപറയുന്ന രീതിയിലാണ് പ്രസ്തുത ബോർഡിൻെറ ഘടന നിയമത്തിൽ നിർണ്ണയിച്ചിരിക്കുന്നത്.<br>a. Union Minister for Labour and Employment - Chairperson, Ex - officio<br>b. The Director General( Labour Welfare) - Member Secretary, Ex- officio<br>c. thirty four members to be nominated by the Central Government, out of whom -<br>(i) seven representing unorganized sector workers; |

(ii) seven representing employers of unorganized sector

(iii) seven representing eminent person from civil society

(iv) two representing members from Loksabha and one from Rajyasabha

(v) five representing Central Government Ministries and Departments concerned

(vi) five representing State Governments.

| | | |
|---|---|---|
| (സി) സംസ്ഥാനത്തിൽ ബോർഡിന് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ അതിൽ എത്ര അംഗങ്ങളുണ്ടെന്നും എത്ര യോഗങ്ങൾ ചേരുകയുണ്ടായെന്നും വ്യക്തമാക്കുമോ; | (സി) | സംസ്ഥാനതലത്തിൽ കേരള സ്റ്റേറ്റ് അൺ ഓർഗനൈസ്ഡ് വർക്കേഴ്സ് സോഷ്യൽ സെക്യൂരിറ്റി ബോർഡിന് രൂപം നൽകിയിട്ടുണ്ട്. ഇതിൽ വിവിധ മേഖലകളിൽ നിന്നുള്ള 29 അംഗങ്ങൾ ഉണ്ട്. ടി ബോർഡിന്റെ ഒരു യോഗം കൂടിയിട്ടുണ്ട്. അടുത്ത യോഗം 13.06.2012 ൽ കൂടുവാൻ തീരുമാനിച്ചിരിക്കുകയാണ്. |
| (ഡി) കേന്ദ്ര ഗവൺമെന്റ് സംസ്ഥാനതല ബോർഡിന് ധനസഹായം നൽകുകയുണ്ടായോ; എങ്കിൽ എത്ര തുകയെന്ന് അറിയിക്കുമോ; | (ഡി) | കേന്ദ്ര ഗവൺമെന്റ് സംസ്ഥാനതല ബോർഡിന് ധനസഹായം ഒന്നും നൽകിയിട്ടില്ല. |
| (ഇ) സംസ്ഥാനത്ത് അസംഘടിത മേഖലയിലെ എത്ര തൊഴിലാളികൾക്ക് ഇതിനകം ക്ഷേമനിധിയിൽ നിന്നും ആനുകൂല്യങ്ങൾ ലഭ്യമാക്കുകയുണ്ടായി എന്നറിയിക്കുമോ? | (ഇ) | കേന്ദ്ര ആക്ടായ 2008 -ലെ ദി അൺ ഓർഗനൈസ്ഡ് വർക്കേഴ്സ് സോഷ്യൽ സെക്യൂരിറ്റി ആക്ടിന്റെ പരിരക്ഷ ലഭിക്കുന്ന വിധത്തിൽ അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമത്തിനായി പദ്ധതി ഇതുവരെയും രൂപീകരിച്ചിട്ടില്ല. ആയതിനാൽ ആർക്കും ആനുകൂല്യങ്ങൾ നൽകിയിട്ടില്ല. |

(signature)

സെക്ഷൻ ആഫീസർ